# കക്കഞ്ചേരി എ.എൽ.പി സ്കൂൾ

## അക്കാദമിക് മാസ്റ്റർപ്ലാൻ

2025-2026

സബ്ബ് ജില്ല കൊയിലാണ്ടി
വിദ്യാഭ്യാസ ജില്ല - വടകര
റവന്യൂജില്ല - കോഴിക്കോട്

# ആമുഖം

ഇന്ന് കക്കഞ്ചേരി എ.എൽ.പി.സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്ഥാപനം എഴുത്തുപള്ളികൂടമായാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ശ്രീ.എടമംഗലത്ത് ഉണ്ണിനായർ മാനേജരായി സ്ഥാനമേൽക്കുകയും കക്കഞ്ചേരി എ.എൽ.പി.സ്കൂൾ എന്നാക്കി മാറ്റുകയും ചെയ്തു. തീരെ പിന്നോക്കം നിൽക്കുന്ന പ്രദേശമായിരുന്നു കക്കഞ്ചേരി. റോഡോ, വാഹന സൗകര്യമോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ദൂരസ്ഥലങ്ങളിൽ നിന്ന് കാൽ നടയായിട്ടായിരുന്നു കുട്ടികൾ സ്കൂളിൽ എത്തിയിരുന്നത്. അടുത്ത പ്രദേശങ്ങളിലൊന്നും സ്കൂളുകൾ ഉണ്ടായിരുന്നില്ല. തുടക്കത്തിൽ 10 ക്ലാസും, മുന്നൂറിലധികം കുട്ടികളും ഉണ്ടായിരുന്നു. പിന്നീട് ശ്രീമതി കെ.ടി.ജാനകി അമ്മ മാനേജർ സ്ഥാനം ഏറ്റെടുത്തു . ഇപ്പോഴത്തെ മാനേജർ പ്രതിന - വി. ഷം ... [illegible] ആണ് . കൊയിലാണ്ടി ഉപജില്ലയിലെ 1 മുതൽ 5 വരെ ക്ലാസുകളുള്ള ഒരു വിദ്യാലയമാണ് കക്കഞ്ചേരി എ.എൽ.പി.സ്കൂൾ. ആദ്യത്തെ പ്രധാന അധ്യാപകൻ ശ്രീ.കാരക്കാട്ട് നാരായണൻ മാസ്റ്ററായിരുന്നു. ശേഷം ശ്രീ.കോയസ്സൻ മാസ്റ്റർ, ശ്രീമതി സരോജിനി ടീച്ചർ, ശ്രീ.എം മാധവൻ മാസ്റ്റർ, ശ്രീ.പി.സി.ദാമോദരൻ മാസ്റ്റർ, ശ്രീമതി .സി.കെ.ശോഭന ടീച്ചർ എന്നിവർ പ്രധാന അധ്യാപകരായി സ്ഥാനം ഏറ്റെടുത്തു.

ഇപ്പോൾ ഇവിടെ 5 ക്ലാസ്സുകളിലായി 29 വിദ്യാർത്ഥികൾ പഠിക്കുന്നു. ജീവനക്കാരായി 5 അധ്യാപകരാണ് ഉള്ളത്. പ്രിപ്രൈമറി ക്ലാസ് ഇവിടെ പ്രവർത്തിച്ചു വരുന്നു.

മോശമായ ഭൗതികസാഹചര്യങ്ങൾ സ്കൂളിന്റെ പ്രവർത്തനത്തിന് വെല്ലുവിളിയാണ്. പി.ടി.എയുടെ പ്രവർത്തന ഫലമായി സ്കൂളിലേക്കാവശ്യമായ ബഞ്ചുകളും ഡസ്കുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതേ ഇച്ഛാശ്ക്തിയും ഒത്തൊരുമയുമുണ്ടെങ്കിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കിമാറ്റാൻ കഴിയും.

## കാഴ്ചപ്പാട്

- ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകൾ ഉള്ളയാളാണ്.
- കഴിവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിടും
- ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും.

1 മുതൽ 5 വരെ ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.

കുട്ടിയുടെ പഠനവേഗത പഠനശൈലി എന്നി പരിഗണിക്കുന്ന പഠന പ്രക്രിയ സാധ്യമാക്കുക.

വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പിക്കുക.

## പൊതു ലക്ഷ്യങ്ങൾ

1 സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും

2 ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കും.

3 കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും

4 എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകൾ സംസാരിക്കാനും , വായിക്കാനും , എഴുതാനും ഉള്ള കഴിവ് ഉറപ്പുവരുത്തും.

5 വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസ പ്രായത്തിലുള്ള എല്ലാവരെയും വിദ്യാലയത്തിലേക്ക് ആകർഷിക്കും.

6 ഒരു കുട്ടിപോലും പൊതു വിദ്യാലയത്തിൽ എത്തിപ്പെട്ടതിന്റെ പേരിൽ അറിവും കഴിവും നേടാതെ പോകില്ലെന്ന് ഉറപ്പുവരുത്തും.

7 ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതു സ്ഥാപനങ്ങൾ ശുചിയാക്കി സൂക്ഷിക്കൽ എന്നിവ തന്റെ കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും സ്വാംശീകരിക്കാനുള്ള അവസരം.

8 എല്ലാ കുട്ടികൾക്കും ആരോഗ്യ സംരക്ഷണം പോഷകാഹാരം ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തും.

9 കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കും.

10 എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പ്രാദേശിക പഠന യാത്ര സംഘടിപ്പിക്കും.

11 പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനപിന്നോക്കാവസ്ഥ പരിഹരിക്കും

12 കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയിൽ പുന: സംഘടിപ്പിക്കും.

13 സഭാകമ്പമില്ലാതെ സദസ്സിനെ അഭിമുഖീകരിക്കാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തും.

14 സവിശേഷ ദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തും

15 ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പിന്തുണ നൽകേണ്ടത് തന്റെ കൂടി കടമയാണെന്ന ധാരണയോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കും.

16 CPTA, SSG ശക്തമാക്കും.

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതു വിദ്യാലയ സംരക്ഷണയഞ്ജത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടെയും ഒരു ആലോചനായോഗം 14-12-2017 ന് പി ടി എ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്തു.

## അവസ്ഥാ വിശകലനം ഭൗതികം

## വിദ്യാലയവിഭവങ്ങൾ –ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത

1. വിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം 32 സെന്റാണ്.
2 1 മുതൽ 5 വരെ ക്ലാസ്സുകളിലേക്കുള്ള അധ്യയനമാണ് ഇവിടെ നടക്കുന്നത്.
3 ക്ലാസ്സ് ലൈബ്രറിയിലേക്കാവശ്യമായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കണം.
4 കമ്പ്യൂട്ടർ സൗകര്യം ഇന്റർനെറ്റ് സൗകര്യം മെച്ചപ്പെടുത്തണം.
5 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവർത്തനക്ഷമമായ 2 ശുചിമുറികൾ ഉണ്ട്. ക്ലോസറ്റോടുകൂടിയത് 1
6 കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കൈ കഴുകുന്നതിനുള്ള ടാപ്പ് , കുടിവെള്ള സൗകര്യം എന്നിവയുമുണ്ട്. തിളപ്പിച്ചാറിയ വെള്ളമാണ് ലഭ്യമാകുന്നത്.
7 ആഴ്ചയിൽ ഒരു ദിവസം അസംബ്ലി നടത്താറുണ്ട്.
8 ഓരോ ദിവസവും വൈവിദ്ധ്യമാർന്ന ഭക്ഷണം വിദ്യലയത്തിൽ തയാറാക്കി നൽകുന്നു.
9 വിദ്യാലയത്തിൽ എല്ലാ ക്ലാസിലേക്കും വൈദ്യുതി ഉണ്ട്. ഫാൻ ഇല്ല
10 കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകിയിട്ടിണ്ട്.

## അക്കാദമികം – പഠനബോധന തന്ത്രങ്ങളും അവയുടെ വിലയിരുത്തലും.

കുട്ടികളെ ഓരോ ക്ലാസ്സിലും വിലയിരുത്തുന്നുണ്ട്. കൂടാതെ യൂണിറ്റ് ടെസ്റ്റ് പാദവാർഷികം അർധവാർഷികം, വാർഷിക മൂല്യനിർണ്ണയം എന്നീ തലങ്ങളിൽ സമഗ്ര ജയം വിലയിരുത്തൽ നടത്തുന്നു. ഉൽപന്നങ്ങൾ വിലയിരുത്തലും പഠന സന്ദർഭങ്ങളിൽ കുട്ടിയുടെ പ്രതികരണം പരിഗണിച്ചും കുട്ടിയെ വിലയിരുത്തുന്നു എല്ലാ അധ്യാപകരും സേവനകാല പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. പിന്നാക്കക്കാർക്ക് പ്രത്യേകം ക്ലാസ്സ് സംഘടിപ്പിക്കുന്നുണ്ട്.

വിഷയ മേഖലകൾ

# സങ്കലിത വിദ്യാഭ്യാസം

**ആമുഖം**

ഭിന്നശേഷിക്കാരുടെ ആത്മവിശ്വാസവും ആത്മാഭിമാനവും വളർത്തുന്ന പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതുണ്ട്.

**ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക 20 - 20**

| ക്ലാസ് | വി.ഐ | പഠനപിന്നോക്കം | ആകെ |
|---|---|---|---|
| IV | | | |
| III | | | |
| II | | | |
| I | | | |
| ആകെ | | | |

## പ്രശ്നങ്ങൾ

ഭിന്നശേഷിക്കാർക്ക് അക്കാദമിക മേഖലയിൽ ഉള്ള പ്രശ്നങ്ങളും കാരണങ്ങളും പരിഹാരനിർദ്ദേശങ്ങളും പദ്ധതികളുമാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്.

## അക്കാദമികം

ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ചുള്ള റിസോഴ്സ് അധ്യാപകരുടെ സേവനം ലഭിക്കുന്നില്ല. അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും രണ്ടാം ക്ലാസിൽ പ്രവേശനം നേടിയതിനാൽ മാതൃഭാഷയിൽ വേണ്ടത്ര പരിശീലനം കിട്ടിയിട്ടില്ല.

പഠനവേഗത കുറവാണ് പഠനപിന്നോക്കാവസ്ഥക്കുള്ള മറ്റൊരു കാരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഓരോ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഫലപ്രദമായ പരിഗണന ലഭിക്കാൻ | ആവശ്യമായ റിസോഴ്സ് ടീച്ചർമാരെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കൽ | II To III | 2018 ജൂൺ മുതൽ | ഹെഡ്മാസ്റ്റർ BRC | |
| ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം തയ്യാറാക്കുന്നതിനും വിനിമയം ചെയ്യുന്നതിനും | ഭിന്ന നിലവാരം പരിഗണിച്ച് പഠന സാമഗ്രികൾ ലഭ്യമാക്കൽ | II To III | 2018 ജൂൺ മുതൽ | ക്ലാസ് ടീച്ചർ | 1000/- പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| വേണ്ടത്ര സഹായം ലഭ്യമാക്കൽ | ശിൽപശാല ഐ.സി.ടി. സംവിധാനം ഒരുക്കൽ ക്ലാസ് ലൈബ്രറി | | | BRC | |
| രക്ഷിതാവിന്റെ ഇടപെടൽ ഫലപ്രദമാക്കുക | രക്ഷാകർത്തൃ വിദ്യാഭ്യാസം ബോധവത്കരണ ക്ലാസുകൾ | II To V | എല്ലാ മാസവും | ക്ലാസ് ടീച്ചർ RT | |

## ആരോഗ്യ കായിക വിദ്യാഭ്യാസം

**ആമുഖം:** ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യകായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണ് ഉള്ളത്. കുട്ടിയുടെ ശാരീരികവും, മാനസികവും , സാമൂഹികവും വൈകാരികവുമായ വികസനത്തിന് പാഠ്യപദ്ധതി അവസരമൊരുക്കുന്നു.

## പ്രവർത്തന പദ്ധതി വിശകലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളെ കായി പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിൽ രക്ഷിതാക്കളെ ബോധവാൻമാരാക്കുക കായികക്ഷമത പ്രവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിയുക | കായികക്ഷമതയുടെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. കായിക പഠനത്തിന് അവസരം ഒരുക്കൽ പ്രാദേശികകമായി ലഭ്യമായ വിദഗ്ധരെ കണ്ടെത്തി അവരുടെ സേവനം ഉറപ്പാക്കൽ | I To V | 2018 ജൂൺ മുതൽ<br>പ്രതി വാരം | ഹെഡ്മാസ്റ്റർ പി.ടി.എ ക്ലാസ് ടീച്ചർ | 1000/<br>പി.ടി.എ |

## കലാപഠനം

## ആമുഖം

മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതാണ് കലാപഠനം എന്ന് അംഗീകരിക്കുന്ന പാഠ്യപദ്ധതിയാണ് നമ്മുടേത് ഒപ്പം സാംസ്കാരികതയുടെ വളർച്ച പാരമ്പര്യത്തിന്റെ തുടർച്ച എന്നിവയും ഉറപ്പാക്കാൻ കലാപഠനം സഹായിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക | കുട്ടികളുടെ താൽപ്പര്യമുള്ള മേഖല കണ്ടെത്തൽ സ്കൂൾ റേഡിയോ വാർഷികം ദിനാചരണങ്ങൾ. ബാലസഭ (ക്ലാസ്തലം) കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ കൈയെഴുത്ത് മാസിക | I To V | 2018 ജൂൺ മുതൽ | അധ്യാപകർ PTA കലാ സാംസ്കാരിക കമ്മറ്റി | 20000/- |

### ജൈവ വൈവിധ്യപർക്ക്

കാമ്പസ് ഒരു പാഠപുസ്തകം എന്ന ആശയം മുന്നിൽ കണ്ട് വിദ്യാലയത്തിൽ ഒരു ജൈവ വൈവിധ്യപാർക്ക് അത്യാവശ്യമാണ്. സ്കൂൾ കോമ്പൗണ്ടിനെ മൊത്തത്തിൽ ഇതിന്റെഭാഗമായി കാണുന്നതോടൊപ്പം തന്നെ പ്രത്യേകം രൂപകൽപന ചെയ്ത ഒരു ഭാഗം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ശലഭോദ്യാനം ഔഷധോദ്യാനം, വനവൃക്ഷങ്ങൾ എന്നിവ വെച്ച് പിടിപ്പിക്കണം. ഇവ നാമകരണം ചെയ്ത ഡിസ്പ്ലേ ബോർഡ് വെക്കണം. 1 മുതൽ 5 വരെ പാഠഭാഗങ്ങളിൽ പരാമർശിച്ച മുഴുവൻ സസ്യങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകണം. പ്രകൃതിയിലെ പരസ്പരാശ്രയത്വം, സഹജീവനം, എന്നിവക്ക് നേരാനുഭവം നൽകാൻ പര്യാപ്തമായിരിക്കണം. ഏകദേശം 10000/- രൂപ ചെലവ് വരുന്നു. ഈ പദ്ധതിക്ക് മാനേജർ പൂർവ്വവിദ്യാർത്ഥികൾ സഹകരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികളിൽ നിന്ന് ഫണ്ട് പ്രതീക്ഷിക്കുന്നു.

### ടാലന്റ് ലാബ്

# ടാലന്റ് ലാബ്

എല്ലാ കുട്ടികളും വിദഗ്ധരാണ് ഏതെങ്കിലും ഒരു മേഖലയിലെങ്കിലും അവരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ടി ടാലന്റ് ലാബ് എന്ന ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## പ്രവർത്തനങ്ങൾ

1. സ്കൂൾ പ്രവേശന സമയത്തുതന്നെ കുട്ടിയുടെ താത്പര്യമുള്ള മേഖല ചോദിച്ച് രേഖപ്പെടുത്തുക.

2. സ്കൂൾ തുറന്നയുടൻ ഓരോ മേഖലയിലുള്ള ഇനങ്ങളുടെ പട്ടിക പ്രദർശിപ്പിക്കുക.

   ഉദാ: കല - ലളിതഗാനം, മാപ്പിളപ്പാട്ട്, പദ്യം ചൊല്ലൽ, അഭിനയം, ചിത്രംവര കായികം-ഓട്ടം, ചാട്ടം, നീന്തൽ, തുന്നൽ, എംബ്രോയിഡറി.

   ഓരോ കുട്ടിയും ഒരിനം തെരഞ്ഞെടുക്കണം.

3. ഒരേ ഇനം കിട്ടിയ കുട്ടികളെ ഗ്രൂപ്പാക്കുക ഒരു ടീച്ചർ, പി.ടി.എ, പൂർവ്വവിദ്യാർത്ഥി, രക്ഷിതാവ് എന്നിവർക്ക് ചുമതല

   പ്രസ്തുത ഗ്രൂപ്പിന് ആവശ്യമായ പരിശീലന സമയം - മാസത്തിൽ 2 തവണ

4. പങ്കെടുക്കുന്ന കുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും യോഗം വിളിച്ച് പ്രവർത്തന പരിപാടികൾ രക്ഷിതാക്കളുടെ പങ്ക് എന്നിവ ഉറപ്പാക്കൽ, മുഴുവൻ കുട്ടികളുടെയും പ്രകടനങ്ങൾ സ്കൂൾതല വാർഷികത്തിന്റെ ഭാഗമായി നടക്കുന്ന കലാകായിക പ്രവൃത്തി പരിചയമേളയിൽ അവതിരിപ്പിക്കാൻ അവസരം.

5. ഗുരുവന്ദനം - പരിശീലകരെ ആദരിക്കൽ

6. പാഠഭാഗങ്ങളിൽ പ്രതിപാദിക്കുന്നതും കുട്ടികൾക്ക് കണ്ട് ആസ്വദിക്കാൻ അവസരം കുറഞ്ഞതുമായ കലാരൂപങ്ങൾ കാണാനും ആസ്വദിക്കാനും അവസരം ഒരുക്കൽ.

7. പൂർവ്വ വിദ്യാർഥികളുടെ വിഭവം പ്രയോജനപ്പെടുത്തൽ

8. കലാ താത്പര്യമുള്ള പൂർവ്വ വിദ്യാർത്ഥികൾ, പ്രാദേശിക കലാകാരൻമാർ, രക്ഷിതാക്കൾ എന്നിവരുടെ സംഘം നടപ്പിലാക്കൽ.

# Std II

## ഗണിതം

ഗണിതം സ്ഥാനവില തിരിച്ചറിയുന്നതിന്
പരിഹാരം ഒന്നുകൾ, നൂറ് എന്നീ സ്ഥാനങ്ങൾ എഴുതിയ കാർഡുകൾ കുട്ടികളുടെ പോക്കറ്റിൽ എഴുതി പിൻ ചെയ്യുന്നു

എന്തെങ്കിലും ഒരു മൂന്നക്കസംഖ്യ പറയുന്നു ഉദാ 146 . 1 എന്ന് കാർഡുള്ള കുട്ടി 100 എന്ന് പിൻ ചെയ്ത കുട്ടിയുടെ അടുത്തുപോകുന്നു. 4 എന്നെഴുതിയ കുട്ടി 10 എന്നെഴുതിയ കാർഡുള്ള കുട്ടിയുടെ അടുത്തുപോകുന്നു. 6 എന്നെഴുതിയ കുട്ടി ഒന്ന് എന്നെഴുതിയ കുട്ടിയുടെ അടുത്തേക്ക് പോകുന്നു. അങ്ങനെ 146 എന്ന സംഖ്യ സ്ഥാനവില അനുസരിച്ച് ക്രമീകരിക്കുന്നു.

**മലയാളം**

കഥവായിച്ച് ശേഷം അതിലെ രംഗം ആവിഷ്കരിക്കുന്ന് വരയ്ക്കുന്നു. വായിച്ച കഥാപാത്രങ്ങളുടെ പേരുകൾ എഴുതുന്നു. ആശയങ്ങൾ വരുന്ന പാട്ടുകൾ, സംഭാഷണങ്ങൾ എഴുതുന്നു.

**മേഖല - അക്കാദമികം**

**പ്രശ്നങ്ങൾ** : സങ്കലനങ്ങൾ ഉറക്കാത്തത് സ്ഥാനവിലയെകുറിച്ച് ധാരണയില്ലായ്മ. പുന: ക്രമീകരണത്തിൽ തെറ്റ് വരുത്തുന്നു.

| | കാരണങ്ങൾ | പരിഹാരം | പ്രവർത്തനങ്ങൾ |
|---|---|---|---|
| കുട്ടി | തുടർച്ചയായ അസുഖങ്ങൾ കാഴ്ചകുറവ്. പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. വീട്ടിൽ നിന്നും വേണ്ട പിന്തുണ ലഭിക്കുന്നില്ല. | ബി.ആർ.സി. പ്രയോജനപ്പെടുത്തൽ , വ്യക്തി കേന്ദ്രീകൃതമായ പഠനോപകരണങ്ങളുടെ ഉപയോഗം. ഗൃഹ സന്ദർശനം | അക്ഷരവൃക്ഷം English Dictionary ക്വിസ് മത്സരം വായനകളരി |
| ടീച്ചർ | വിനിമയത്തിനുള്ള സമയകുറവ്-ഐ.സി.ടി പരിമിതി - ഭിന്നശേഷിക്കാരായ കുട്ടികളുള്ള ക്ലാസ് ഗണിത ലാബിന്റെ അഭാവം പഠനോപകരണങ്ങളുടെ അപര്യാപ്തത | വർക്ക ഷീറ്റ് നൽകുക. ഗണിത ലാബ് ഒരുക്കും പഠനോപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തും. | ഗണിത വർക്ക ഷോപ്പ് ഫീൽഡ് ട്രിപ്പ് സംഖ്യാ കാർഡുകളിൽ |
| രക്ഷിതാവ് | ശരിയായ പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല. CPTA യിൽ എത്തുന്നില്ല. | പി.ടി.എ ഫലപ്രദമാക്കും | സി.പി.ടി.എ ബോധവൽക്കരണ ക്ലാസ്. ഗൃഹസന്ദർശനം |

| | | | |
|---|---|---|---|
| | മാർക്കിൽ മാത്രം ശ്രദ്ധിക്കുന്നു. | | |

**മേഖല : അക്കാദമികം വിഷയം : മലയാളം**

# Std-I

**പ്രശ്നം** : 1 കൂട്ടക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ പ്രതീക്ഷിക്കുന്ന നിലവാരത്തിൽ ഉറക്കാത്ത അവസ്ഥ.

| | കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി |
|---|---|---|---|
| കുട്ടി | പഠനവേഗത കുറവ് ഓർമക്കുറവ്. | പ്രിടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണയിക്കൽ | 1.പ്രീ-ടെസ്റ്റ് അക്ഷരകാർഡ്, പദക്കാർഡ് എന്നിവ ഉപയോഗിച്ച് |
| അധ്യാപകർ | സമയബന്ധിതമായി പാഠഭാഗങ്ങൾ തീർക്കേണ്ടതുണ്ട് | എല്ലാ കുട്ടികളെയും പരിഗണിക്കുന്ന ക്ലാസ് ആസൂത്രണം | അക്ഷരം അടയാളം ഉറപ്പിക്കൽ അക്ഷരചിത്രം വരക്കൽ,വെല്ലുവിളി ഉയർത്തുന്ന കളികൾ |
| സംവിധാനം | സമയക്കുറവ് പ്രവർത്തനങ്ങളുടെ ബാഹുല്യം | രക്ഷിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികൾ ശിൽപശാലകൾ | ഉദാ: അക്ഷരത്തെറ്റ്. അക്ഷരപ്പാട്ടുകൾ, അടിക്കുറിപ്പ് എഴുതൽ ചിത്രം നോക്കി കഥപറയൽ , എഴുതൽ, |
| രക്ഷിതാക്കൾ | വേണ്ട രീതിയിൽ കുട്ടികളെ ശ്രദ്ധിക്കാൻ കഴിയുന്നില്ല | മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരനും എഴുത്തുകാരനും ആക്കുക. CPTA ശക്തമാക്കുക | അക്ഷരകട്ടകൾ ഉപയോഗിച്ച് പദങ്ങൾ ഉണ്ടാക്കൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് |

**പ്രശനം:** 2 ഐ.സി.ടി സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
കാരണങ്ങൾ

| കുട്ടികൾ | പരിഹാര നിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| താൽപ്പര്യമുള്ള വായനാ സമാഗ്രികളുടെ അഭാവം ICT അധ്യാപകൻ ഐ.സി.ടി സാധ്യതകളുടെ ലഭ്യത കുറവ് | ഐ.സി.ടി സംവിധാനം ഒരുക്കൽ | നിലവിലുള്ള കമ്പ്യൂട്ടർ പ്രവർത്ത ക്ഷമമാക്കൽ |

## മേഖല : അക്കാദമികം

വിഷയം : ഇംഗ്ലീഷ്

പ്രശ്നം : 3 ഇംഗ്ലീഷ് എഴുതാനും, വായിക്കാനും ഉള്ള ബുദ്ധിമുട്ട്

| കാരണം | പരിഹാരനിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>ക്ലാസിൽ നിന്ന് മാത്രം കുട്ടികൾ വായന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>**അധ്യാപകൻ**<br>സമയ ബന്ധിതമായി പാഠഭാഗങ്ങൾ തീർക്കേണ്ടി വരുന്നു.<br><br>**രക്ഷിതാവ്**<br>പലകാരണങ്ങൾ കൊണ്ടും കുട്ടികളെ വേണ്ട വിധത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. | ഭിന്ന നിലവാരത്തിലുള്ള കുട്ടികളെ പരിഗണിച്ച് പാഠഭാഗം ആസൂത്രണം ചെയ്യുക. | ഭിന്ന നിലവാരക്കാരെ പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ കണ്ടെത്തൽ, പതിപ്പുകൾ തയ്യാറാക്കൽ ഇംഗ്ലീഷ് തിയേറ്റർ വർക്ക് ഷീറ്റുകൾ,Language games Drawing and colouring . Adding lines. Choreography concept maping. |

## മേഖല – അക്കാദമികം

**വിഷയം – ഗണിതം**

പ്രശ്നം : 4

പ്രതീക്ഷിത നിലവാരത്തിൽ ഗണിതത്തിലെ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ പഠനവേഗത കുറവായതു കാരണം പെട്ടെന്ന് ആശയങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നില്ല. | ഒന്നാം ക്ലാസിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക<br><br>എല്ലാ കുട്ടികളെയും, പരിഗണിച്ചുകൊണ്ട് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുക.സ്വയം പഠനത്തിന് സഹായകമാകുന്ന പഠനോപകരണങ്ങൾ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യുക. ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ലാബ് | പ്രി-ടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണയിക്കൽ, വർക്ക് ഷീറ്റുകൾ നിറം നൽകൽ, വരച്ചു ചേർക്കാൻ Big and small nursing rhyme (video)<br>ഗണിതകളികൾ<br>സങ്കലനപ്പാട്ട്<br>ഗണിതപ്പാട്ടുകൾ മാന്ത്രിക ചതുരം പടികയറാം തുക എഴുതാം കമ്പ്യൂട്ടർ |

| | | |
|---|---|---|
| | സജ്ജമാക്കുക. സി.പി.ടി.എ വിളിച്ച് കുട്ടികളുടെ പഠനത്തിന്റെ അവസ്ഥ അതത് സമയങ്ങളിൽ ബോധ്യപ്പെടുത്തുക. | സൗകര്യം മെച്ചപ്പെടുത്തൽ സി.പി.ടി.എ ശക്തിപ്പെടുത്തൽ |

# Std IV

## ഗണിതം

**മേഖല : അക്കാദമികം**

പ്രശ്നം 1 : ഗുണനക്രിയയിൽ ഉള്ള അടിസ്ഥാന അറിവില്ലായ്മ, ഹരണ/ഗുണന ക്രിയകൾ ചെയ്യുമ്പോൾ തെറ്റ് വരുത്തുന്നു.

| കാരണങ്ങൾ | പരിഹാരനിരദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| നിത്യ ജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഗുണനവുമായും ഹരണവുമായും ബന്ധപ്പെടുത്താനുള്ള ശേഷി കുറവ്. | പ്രായോഗിക പ്രശ്നങ്ങളുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ നൽകുക. | മഞ്ചാടി, ഗുണിതം, കച്ചവടക്കളി കാർഡുകളിൽ സ്കൂളിലൊരു പച്ചക്കറിത്തോട്ടം, പൂന്തോട്ടം വർക്ക് ഷീറ്റ് |
| തുടർ പ്രവർത്തനങ്ങൾ ചെയ്യുന്നതിലും രക്ഷിതാവ് കുട്ടിയോട് ഒപ്പമിരുന്ന് പഠനത്തിന് പിന്തുണ നൽകുന്നതിൽ ഉള്ള പോരായ്മ | കൂടുതൽ പഠനാനുഭവങ്ങൾ ബോധപൂർവ്വം ഒരുക്കുക. വീട്ടിൽ നിന്നുള്ള പിന്തുണ ഉറപ്പുവരുത്തുക | |

**പ്രശ്നം 2** : ഗണിതാസ്വാദനത്തിന് സാധ്യമാകുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനം |
|---|---|---|
| ഗണിതാസ്വാദനത്തിനുള്ള അവസരങ്ങൾ കൂടുതലായി ലഭിക്കുന്നില്ല. | ഗണിത കൗതുകങ്ങൾ പരിചയപ്പെടുത്തൽ<br><br>മനക്കണക്കുകൾക്ക് അവസരം നൽകൽ<br><br>പാറ്റേണുകൾ കുട്ടികൾക്ക് സ്വയം വെല്ലുവിളി ഉയർത്തുന്ന രൂപത്തിൽ അവതരിപ്പിക്കുന്നു | ഗണിത ലാബ് വിവിധ ചിത്ര-സംഖ്യാ പാറ്റേണുകൾ |

# പരസ്പര പഠനം

# Std IV

**മേഖല - അക്കാദമികം**

പ്രശ്നം 1 : പാഠഭാഗവുമായ് ബന്ധപ്പെടുത്തി കൂടുതൽ അറിവ് നേടാനുള്ള അവസരം എല്ലായ്പ്പോഴും പ്രായോഗികമാക്കാൻ സാധിക്കുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| തുടർ പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നില്ല.<br><br>സമയപരിമിതി<br><br>ആവശ്യമായ കമ്പ്യൂട്ടർ, പ്രോജക്ടുകൾ എന്നിവയുടെ അഭാവം<br><br>സാമ്പത്തിക പരിമിതി. | ഓരോ പാഠഭാഗവുമായി ബന്ധപ്പെടുത്തി കൂടുതൽ നൽകാവുന്ന കാര്യങ്ങൾ മുൻകൂട്ടി ലിസ്റ്റ് ചെയ്യുന്നു.<br><br>സാമൂഹ്യ പങ്കാളിത്തത്തോടെ ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.<br>രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.<br>ആവശ്യമായനവിഭവ സമാഹരണ സാധ്യതകൾനകണ്ടെത്തുന്നു<br>റിസോഴ്സ് അധ്യാപക സേവനം ഉറപ്പുവരുത്തുന്നു. | |

**പ്രശ്നം** 2 : ഭൂപടം , ഭൂപ്രകൃതി എന്നിവയെക്കുറിച്ചുള്ള ധാരണക്കുറവ്

| കാരണങ്ങൾ | പരിഹാരം | പ്രവർത്തനങ്ങൾ |
|---|---|---|
| നേരനുഭവങ്ങളുടെ കുറവ്<br><br>മതിയായ പഠനോപകരണങ്ങളുടെ അഭാവം<br><br>താത്പര്യ[illegible]മായ പ്രവർത്തനങ്ങളുടെ ആസൂത്രണ കുറവ്<br><br>അധ്യാപകരുടെ പരിജ്ഞാനക്കുറവ് | ഐ.സി.ടി സാധ്യത<br><br>പഠനയാത്രകൾ നടത്തുക<br>അനുയോജ്യമായ പഠനോപകരണങ്ങളുടെ ഉപയോഗം<br><br>റിസോഴ്സ് അധ്യാപക സേവനം ഉറപ്പുവരുത്തൽ | ഫീൽഡ് ട്രിപ്പ്<br>പഠനയാത്ര<br>വിഡിയോ പ്രദർശനം<br>ഭൂപടമറിയം<br>സഹവാസക്യാമ്പ്<br>പട്ടികപ്പെടുത്തൽ<br>ആൽബം<br>ചുമർ പത്രിക |

# Std IV

English

Aim: To write English property

| Activity | Resource team | | Financial Source | Agency |
|---|---|---|---|---|
| 1) Graphics writing let the learners to write a word as they hear letters in Isolation is not important. Every day give such 10 words and let them to correct in proper pronounciation<br><br>2 Organic writing<br>Let the learners to under take writing tasks on their own .<br>By writing such important writing in lead them in to correct spelling let them to write objects in the classroom. | | | | |

## Std-III

**മേഖല -അക്കാദമികം**

**പ്രശ്നം :** സ്വരചിഹ്നങ്ങൾ വേണ്ടപോലെ ഉറച്ചിട്ടില്ല.

| | കാരണങ്ങൾ | പരിഹാരം | പ്രവർത്തനങ്ങൾ |
|---|---|---|---|
| കുട്ടി | തുടർച്ചയായ അസുഖങ്ങൾ കാഴ്ചക്കുറവ്<br><br>പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴുയുന്നില്ല.<br><br>വീട്ടിൽ നിന്നും വേണ്ട പിന്തുണ ലഭിക്കുന്നില്ല. | ബി.ആർ.സി പ്രയോജനപ്പെടുത്തൽ<br><br>ഗൃഹസന്ദർശനം | അക്ഷരകാർഡ് കളി |
| അധ്യാപകൻ | വിനിമയത്തിനുള്ള | | |

| | | | |
|---|---|---|---|
| | സമയക്കുറവ്,<br>ഐ.സി.ടി പരിമിതി<br>ഭിന്നശേഷിക്കാരായ-<br>കുട്ടികളുള്ള ക്ലാസ്.<br>ഗണിത ലാബിന്റെ<br>അഭാവം | ഉചിതമായ രീതിയിൽ<br>ഗണിതലാബ്<br>ഒരുക്കുക. | |
| രക്ഷിതാവ് | ശരിയായ<br>പഠനാന്തരീക്ഷം<br>ഉറപ്പുവരുത്തുന്നില്ല | സി.പി.ടി.എ<br>ഫലപ്രദമാക്കും | ബോധ<br>വൽക്കരണ<br>ക്ലാസ്. |

# വിഷയ മേഖലകൾ

മേഖല അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ ഫലപ്രദമായി വായിക്കാനുംഎഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്യാൻ മികവുകളും കണ്ടെത്തുന്നു. | ജൂൺ മുതൽ | ചുമതല ഇംഗ്ലീഷ് ടീച്ചർ SRG | സാമ്പത്തിക വിശകലനം<br>പി ടി എ |
| | 2.പരമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/അവതരിപ്പിക്കൽ | ആഴ്ചയിൽ 1 ദിവസം | പ്രഥമാധ്യാപകൻ , ഇംഗ്ലീഷ് ടീച്ചർ SRG | ഒരു കുട്ടിക്ക് 1 രൂപ |
| | 3. ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ 3 ദിവസം | ക്ലാസ്സ് ടീച്ചർ | പി ടി എ |
| | 4. ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് | പ്രതിദിനം | ക്ലാസ്സ് ടീച്ചർ | പി ടി എ |
| | 5. ഒരു ദിവസം ഒരു ഭാഷ പരിപാടി എല്ലാ ക്ലാസ്സിലും<br>6 ഇംഗ്ലീഷ് - ക്ലാസ്സ് ലൈബ്രറി വായന സാമഗ്രികൾ ലഘുവായന പുസ്തകം, പത്രം<br>7. ഇംഗ്ലീഷ് തിയേറ്റർ<br>8.പതിപ്പുകൾ, മാഗസിനുകൾ<br>9. ഇംഗ്ലീഷ് ഫെസ്റ്റ് | ഫെബ്രുവരി | പ്രഥമാധ്യാപകൻ ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>പിടി എ<br>ഇംഗ്ലീഷ് ടീച്ചർ | |

മേഖല : അക്കാദമികം　　　　ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ് നടത്തി പഠനില കണ്ടെത്തൽ | II to V | ജൂൺ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| | 2. അക്ഷരം ഉറപ്പിക്കൽ | I to V | ജൂലൈ മുതൽ ഒക്ടോബർ വരെ | | |
| | 3 അടയാളം ഉറപ്പിക്കൽ | I to V | | | |
| | 4 അക്ഷരക്കാർഡ് നൽകൽ | I to V | | | |
| | 5 വാക്കുകൾ എഴുതിയ കാർഡ് | I to V | | | |
| | 6 വാക്കുകൾ നിർമ്മിക്കൽ | I to V | | | |
| | 7 വാക്കുകൾ നിർമ്മിക്കൽ | I to V | | | |
| | 8 ചിത്രത്തെക്കുറിച്ച് അടിക്കുറിപ്പ് എഴുതാൻ പറയൽ | I to V | | | |
| | 9 ചിത്രത്തെക്കുറിച്ച് കഥ | I to V | | | |
| | 10 കഥ ബാക്കി എഴുതൽ | I to V | | | |
| | 11. കഥാപുസ്തകം നൽകൽ | I to V | | | |
| | 12 സി ഡി യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | I to V | | | |
| | 13 ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | I to V | | | |
| 2. കുട്ടിയെ മികച്ച വായനക്കാരാക്കുക. | 1 ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ ക്ലാസ്സ് ലൈബ്രറി ഉപയോഗപ്പെടുത്തൽ | I to V | | | |
| | 2. വായന മൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ | I to V | | | |
| | 3 സ്കൂൾ ലൈബ്രറി നവീകരിക്കൽ | | | SRG | പി ടി എ |
| | 4 സമീപ ഗ്രന്ഥ ശാല അംഗത്വം | | | ക്ലാസ്സ് ടീച്ചർ | പി ടി എ |
| | 5 വായനോത്സവം സംഘടിപ്പിക്കൽ പത്രങ്ങൾ ഉപയോഗപ്പെടുത്തൽ | I to V | എല്ലാദിവസവും ഉച്ചക്ക് | ക്ലാസ്സ് ടീച്ചർ | പി ടി എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | | | | |
| | 6 അമ്മ വായന ആനുകാലിക് പ്രസിദ്ധീകരണങ്ങൾ | I to V | എല്ലാ ദിവസവും | രക്ഷിതാക്കൾ | പി ടി എ |
| | 7 വായനാനുഭവം പങ്കുവെക്കൽ ക്ലാസ്സടിസ്ഥാനത്തിൽ | I to V | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 8 വായനാക്കുറിപ്പ് പതിപ്പ് മികച്ചക്കുറിപ്പിന് സമ്മാനം ഓരോ മാസവും 2 രക്ഷിതാക്കളെയും 2 കുട്ടികളെയും വിജയികളായി തെരഞ്ഞെടുക്കും | I to V | മാസത്തിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ SRG | |
| | 9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ്സ് സഭ | I to V | ക്ലാസ്സ് ടീച്ചർ | | |
| | 10. ദിനാചരണങ്ങൾ സ്പെഷ്യൽ അസംബ്ലി | I to V | മാസം തോറും | ക്ലാസ്സ് പി ടി എ ക്ലാസ്സ് ടീച്ചർ | |
| 3.കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം.<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4.വായനാക്കുറിപ്പ് പതിപ്പ്.<br>5.ഡയറി എഴുത്ത് ആരംഭിക്കൽ ചുമർ പത്രിക , പതിപ്പ് തയ്യാറാക്കൽ<br>6. രചയിതാക്കളെ പരിചയപ്പെടൽ പുസ്തകങ്ങളിലൂടെ ചിത്രം പ്രദർശിപ്പിക്കൽ ബഷീർ , എസ് കെ പൊറ്റക്കാട്.<br>7. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം | III to V<br>I to V<br>I to V<br>II to V<br>III to V<br>I to V<br>II to V | 6 months<br>ജുലായ്<br>ആഗസ് ആഗസ്റ്റ്<br>ടീച്ചർ | ക്ലാസ്സ് ടീച്ചർ, ക്ലാസ് പി.ടി.എ<br>ED Teachers, ക്ലാസ്സ് ടീച്ചർ, | |

| അസംബ്ലി | പ്രവർത്തനം | വിശദാംശങ്ങൾ | |
|---|---|---|---|
| വായനാക്കുറിപ്പ് അവതരണം വായനാക്കുറിപ്പ് ആഴ്ചയിൽ ഒരു ദിവസം വ്യത്യസ്ത ക്ലാസ്സുകളിടെ രണ്ടു കുട്ടികൾക്ക് അവസരം | | പിറന്നാളാശംസയും അനുമോദനവും എല്ലാ മാസവും ബാധകമായ ദിനങ്ങളിൽ വൈവിദ്ധ്യമുള്ള പരിപാടി | ഡയറിക്കുറിപ്പ് അവതരണം |
| ജൂൺ | പുസ്തകം തെരഞ്ഞെടുക്കുന്നു. (ക്ലാസ്സടിസ്ഥാനത്തിൽ) വായനാക്കുറിപ്പ് രചന ചർച്ച എഡിറ്റിംങ്) SRG | കുട്ടികളുടെ യും അധ്യാപകരുടെയും ജനന തിയ്യതി നോക്കി പിറന്നാൾ കലണ്ടർ തയ്യാറാക്കൽ, പിറന്നാൾ പുസ്തകം, പിറന്നാൾ മരം സഹപഠിതാക്കളുടെ ആശംസാവാക്യങ്ങൾ അവതരിപ്പിക്കൽ | 1 ക്ലാസ്സ് ഡയറി (ക്ലാസ്സ് വിശേഷങ്ങൾ ) എല്ലാവരും ഗ്രൂപ്പായി .<br>2. സ്കൂൾ ഡയറി അവതരണം<br>3. ഡയറിയുടെ തുടക്കം ഭാഷാ അനുഭവ തലം , ആശയക്രമീകരണം എന്നിവ ചർച്ച |
| ജൂലൈ | വായനാക്കുറിപ്പ് Port pholio യിലേക്ക് വായനാക്കുറിപ്പിലെ ഭാഷാപരവും അവതരണപരവുമായ മികവുകൾക്ക് ഊന്നൽ നൽകി ടീച്ചറുടെ പ്രതികരണം | | 4. വ്യക്തിഗത ഡയറി എഴുത്ത് ആരംഭിക്കൽ<br>5. ക്ലാസ്സിൽ അവതരിപ്പിച്ചതിൽ നിന്ന് തെരഞ്ഞെടുത്തത് സഹപാഠികളുടെ സഹായത്തോടെ മെച്ചപ്പെടുത്തി അസംബ്ലിയിൽ അവതരിപ്പിക്കൽ |
| ആഗസ്ത് | ക്ലാസ്സ് വായനാക്കുറിപ്പുകളുടെ പതിപ്പു പ്രകാശനം. | പത്രങ്ങളിടെ പിറന്നാൾ ആശംസകൾ പരിചയപ്പെടുത്തൽ | ടി. ബിയിലെ കഥാപാത്രത്തിന്റെ സാങ്കല്പിത ഡയറി എഴുത്ത്. |

| | | | |
|---|---|---|---|
| സെപ്തംബർ | വായനയെ ആവിഷ്ക്കരിക്കൽ (കഥാപ്രസംഗം, നാടകം) | താരാട്ടുപാട്ടുകൾ അവതരിപ്പിക്കൽ ചിങ്ങപ്പിറവി (വർഷങ്ങൾക്കും പിറവി ദിനം) | രക്ഷിതാവിന്റെ സഹായത്താടെ ക്ലാസ്സ് ഡയറി മെച്ചപ്പെടുത്തൽ |
| ഒക്ടോബർ | ദിനാചരണ വായന പത്രങ്ങളിൽ(ഗാന്ധി ജയന്തി) നിന്നും വിജ്ഞാന പുസ്തകം തയ്യാറാക്കി അസംബ്ലിയിൽ പ്രകാശനം. | | മഹാത്മരുടെ പിറന്നാൾ ആഘോഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കൽ |
| നവംബർ | കേരളകവിതകളുടെ വായനയും ആസ്വാദനക്കുറിപ്പുകളുടെ അവതരണവും | മഹാത്മരുടെ പിറന്നാൾ സംസ്ഥാനത്തിന്റെ പിറന്നാൾ ദിനം | എല്ലാ കുട്ടികൾക്കും പ്രാതിനിത്യം വരത്തക്ക വിധം ഡയറിക്കുറിപ്പുകളുട സമാഹാരം. പ്രമുഖ വ്യക്തികളുടെ ആമുഖത്തോടെ പ്രകാശിപ്പിക്കൽ |
| ഡിസംബർ | മികച്ച വായനക്കാരെ അംഗീകരിക്കൽ | ഉണ്ണിയേശുവിന്റെ പിറന്നാൾ ആഘോഷം ലോകത്ത് എങ്ങനെ? നക്ഷത്രനിർമ്മാണം W.E | ആൻഫ്രാങ്ക്, മലാലയൂസഫ് സായ് എന്നിവരുടെ ഡയറിപരിചയപ്പെടുത്തൽ |
| ജനുവരി | മികച്ച ആസ്വാദനക്കുറിപ്പുകളുടെ പതിപ്പ് പ്രകാശനം | വർഷപ്പിറവി | |
| ഫെബ്രുവരി | ക്ലാസ്സ് തലത്തിൽ മികച്ച വായനാക്കുറിപ്പ് തെരഞ്ഞെടുക്കൽ | പിറന്നാൾ സമ്മാനം പ്രവൃത്തി പരിചയവുമായി ബന്ധിപ്പിക്കൽ ഒറിഗാമി രുപങ്ങൾ | ക്ലാസ്സ് പി ടി എയിൽ രക്ഷിതാക്കളുടെ തത്സമയ ഡയറി എഴുത്ത് ഒപ്പം കുട്ടികളുടെയും തെരഞ്ഞെടുത്തത് അസംബ്ലിയിൽ അവതരണം. |

മേഖല- അക്കാദമികം

പ്രശ്നം എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികൾക്ക് ഗണിത അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്. | ഒന്നാം ക്ലാസ്സുമുതൽ 5-ാംക്ലാസ്സുവരെ കുട്ടികൾ നേടേണ്ടുന്ന അടിസ്ഥാന ശേഷികൾ പട്ടികപ്പെടുത്തൽ ചോദ്യാവലി തയാറാക്കൽ | I to V | ജൂൺ | ക്ലാസ്സ് ടീച്ചർ | 1000/- പി ടി. എ |
| കുട്ടികൾക്ക് താഴ്ന്ന ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാക്കുന്നതിന് | **പരിഹാരബോധനം** അടിസ്ഥാന ശേഷികൾ പട്ടികപ്പെടുത്തൽ , പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ , മൂല്യ നിർണ്ണയം നടത്തൽ ഫലം അവലോകനം ചെയ്യൽ SRG, CPTA എന്നിവ വേദികളിൽ അവതരിപ്പിക്കൽ | I to V | ജൂൺ മുതൽ ജൂലായ് വരെ | ക്ലാസ്സ് ടീച്ചർ | 1000/- പി ടി. എ |
| 3. ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ ഉള്ള വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക. | **പാഠാസൂത്രണം** ഓരോ പാഠ ഭാഗങ്ങളിടെയും ആശയങ്ങൾ പട്ടികപ്പെടുത്തൽ ICT സാധ്യത പട്ടികപ്പെടുത്തൽ പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം. | I to V | പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസത്തിന് തൊട്ടുമുമ്പുള്ള മാസം | ക്ലാസ്സ് ടീച്ചർ | പി ടി. എ |

| | | | | | |
|---|---|---|---|---|---|
| 4. കുട്ടികൾക്ക് ഗണിതപഠനത്തിൽ താൽപര്യം ഉണ്ടാക്കുക | <u>ഗണിത ക്ലബ്ബ്</u><br>ക്ലബ്ബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക. ചെയ്യേണ്ട സമയം കണ്ടെത്തുക. വിദഗ്ദ്ധരെ കണ്ടെത്തുക. ക്ലാസ്സുകൾ സംഘടിപ്പിക്കുക. | III to V | ജൂൺ വാർഷിക കലണ്ടറിലെ തിയ്യതി അനുസരിച്ച് | ക്ലബ്ബ് കൺവീനർ | 1000/- പി ടി. എ |
| പഠിക്കുന്ന ആശയങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തി എന്തിനാണെന്ന് കുട്ടിയെ ബോദ്ധ്യപ്പെടുത്തി ഗണിത പഠനത്തിൽ താൽപര്യം ഉണ്ടാക്കുക. | <u>പഠനോപകരണ ശിൽപശാല</u><br>ഓരോ പാഠഭാഗത്തിലെയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുക. വിദഗ്ധരെ കണ്ടെത്തുക. പഠനോപകരണങ്ങൾ നിർമിക്കുക, ഗണിതമേളക്ക് തയ്യാറാക്കൽ | I to V<br><br>III to V | ഓരോ മാസവും | ക്ലബ്ബ് കൺവീനർ | പി ടി. എ |
| കുട്ടികൾക്ക് ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുക. സ്വയം പഠനം സംഘപഠനം എന്നിവ പ്രോത്സാഹിപ്പിക്കുക. | <u>ക്ലാസ്സ് ലൈബ്രറി</u><br>ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുക, ക്ലാസ്സിൽ ഉണ്ടാകേണ്ട പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കുക, പഠനോപകരണങ്ങൾ സംഘടിപ്പിക്കുക | III to V | ജൂൺ അവസാനം | ക്ലബ്ബ് കൺവീനർ | 2500 പി ടി എ |

| | | | | | |
|---|---|---|---|---|---|
| ഹൈടെക് ക്ലാസ്സ് മുറികളിൽ ആശയ വിനിമയം നടത്തുന്നതിന്അധ്യാപകരെ പ്രാപ്തരാക്കുക | അധ്യാപകർക്ക് ഐ.സി.ടി. പ്രദർശനം.ഓരോ പാഠഭാഗത്തലെയും ആശയങ്ങൾ പട്ടികപ്പെടുത്തുക. വിദഗ്ദരെ കണ്ടെത്തുക. പരിശീലനം നടത്തുക. | III to V | ഓരോ മാസവും | | 1000 പി ടി എ |
| കുട്ടികളുടെ പഠനനേട്ടവും പഠന നിലയും അതത് സമയങ്ങളിൽ രക്ഷിതാക്കളുമായി പങ്കുവെക്കുന്നതിന് . | ക്ലാസ്സ് പിടി എ യോഗങ്ങൾ വിളിച്ചു ചേർക്കുക | III to V | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | പിടി എ |

## <u>ഉപസംഹാരം</u>

അടുത്ത 3 വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയമാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും വേണ്ടി വരും.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണംവും വിലയിരുത്തലും ഉറപ്പാക്കണം. വിദ്യാലത്തിലേക്ക് എതു സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടത്തിപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാവണം.

3 വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും ലോക നിലവാരത്തിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.